# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനവരി 11

# വാർത്താക്കുറിപ്പ്

---

### പുതുക്കിയ പരീക്ഷ തീയതി

ജനവരി ഒൻപതിന് നടത്താൻ നിശ്ചയിച്ചിരുന്ന തും 18ലേക്ക് മാറ്റിയതുമായ ഒന്നാം വർഷ ബി.എസ്‌സി. നഴ്സിംഗ് (പുതിയ സ് കീം - 2016 അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷ ജനവരി 30ന് നടത്താൻ പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകളുടെ തീയതികൾക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/47/2019)

ജനവരി ഒൻപതിന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം .ബി.എ. (പുതിയ സ്കീം - 2018 അഡ്മിഷൻ - റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി 16ന് നടത്താൻ പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകളുടെ തീയതി, സമയം, പരീക്ഷാകേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/48/2019)

### പരീക്ഷ തീയതി

സീപാസിലെ ഒന്നാം സെമസ്റ്റർ ബി .ടെക് (2015 മുതൽ അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ ജനവരി 23ന് ആരംഭിക്കും . പിഴയില്ലാതെ ജനവരി 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 50 രൂപ വീതം (പരമാവധി സെമസ്റ്ററൊന്നിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/49/2019)

സീപാസിലെ രണ്ടാം സെമസ്റ്റർ എം .ടെക് (2017 അഡ്മിഷൻ റഗുലർ ) പരീക്ഷകൾ ജനവരി 24ന് ആരംഭിക്കും. പിഴയില്ലാതെ ജനവരി 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും അപേക്ഷിക്കാം . വിദ്യാർഥികൾ 200 രൂപ സി .വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/50/2019)

### പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി .എസ്‌സി. ഫിസിക്സ് (2013ന് മുമ്പുള്ള അഡ്മിഷൻ ) ഓഗസ്റ്റ്/സെപ്റ്റംബർ 2018 പരീക്ഷയുടെ മേഴ്സി ചാൻസ് പ്രാക്ടിക്കൽ ജനവരി 17, 18 തീയതികളിൽ തൃക്കാക്കര ഭാരത് മാതാ കോളേജിൽ നടക്കും . SBAB10778622 (കാഞ്ഞിരപ്പള്ളി എസ് .ഡി. കോളേജ്), 11127312 (പെരുമ്പാവൂർ മാർത്തോമാ കോളേജ് ഫോർ വിമൺ ), 12148751 (എറണാകുളം മഹാരാജാസ് കോളേജ് ) എന്നീ രജിസ്റ്റർ നമ്പരിലുള്ള വിദ്യാർഥികൾ രാവിലെ ഒൻപതിന് പരീക്ഷാകേന്ദ്രത്തിൽ എത്തണം.

(പി.ആർ.ഒ./39/51/2019)

മൂന്നാം സെമസ്റ്റർ ബി .എ. ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ , മൾട്ടിമീഡിയ, വിഷ്വൽ ആർട്സ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ , ആനിമേഷൻ ആന്റ് വിഷ്വൽ എഫക്ട് സ്, ഓഡിയോഗ്രാഫി ആന്റ്

ഡിജിറ്റൽ എഡിറ്റിങ് (യു.ജി. - 2017 അഡ്മിഷൻ റഗുലർ - സി.ബി.സി.എസ്./2013 - 2016 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - സി.ബി.സി.എസ്.എസ്.) നവംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 16 മുതൽ വിവിധ കോളേജുകളിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/52/2019)

## തീസിസ് മൂല്യനിർണയവും വൈവാവോസിയും

പത്താം സെമസ്റ്റർ ബി .ആർക് (സപ്ലിമെന്ററി) ഡിസംബർ 2018 പരീക്ഷയുടെ തീസിസ് മൂല്യനിർണയവും വൈവാവോസിയും ജനുവരി 14 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/53/2019)

## അക്കാദമിക് കൗൺസിൽ യോഗം ഫെബ്രുവരി 16ന്

മഹാത്മാ ഗാന്ധി സർവകലാശാല അക്കാദമിക് കൗൺസിലിന്റെ യോഗം ഫെബ്രുവരി 16ന് രാവിലെ 10ന് സർവകലാശാല കാമ്പസിലെ സ് കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കും. യോഗത്തിൽ അവതരിപ്പിക്കാനുള്ള പ്രമേയം ജനുവരി 24ന് മുമ്പായി രജിസ്ട്രാറുടെ ഓഫീസിൽ നൽകണം.

(പി.ആർ.ഒ./39/54/2019)

## 'ഇന്റർഫേസ് 2018'; ദ്വിദിന സോഫ്റ്റ്‌വെയർ മീറ്റ് ആരംഭിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിന്റെയും കമ്പ്യൂട്ടർ സയൻസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന വാർഷിക ദ്വിദിന സോഫ്റ്റ്‌വെയർ മീറ്റ് 'ഇന്റർഫേസ് 2018'ന് തുടക്കമായി. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സിൻഡിക്കേറ്റംഗവും സ് കൂൾ ഓഫ് ബയോസയൻസസ് മേധാവിയുമായ ഡോ . കെ. ജയചന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് മേധാവി ഡോ . അനുജ് മുഹമ്മദ് അ ധ്യക്ഷത വഹിച്ചു. പ്രൊഫ. ആർ. വിജയകുമാർ, ലിജു തോമസ് എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/55/2019)

## എമർജൻസി മെഡിക്കൽ കെയർ നിയമശില്പശാല

## ജനുവരി 17 ന് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ

എമർജൻസി മെഡിക്കൽ കെയർ അവകാശ ബില്ലിന്റെ കരട് രേഖ തയാറാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നിയമപരിഷ് കരണ കമ്മീഷനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും തൃശ്ശൂർ ചികിത്സാനീതിയും കോട്ടയം ഇൻഫോക്ലിനിക്കും മഹാത്മാഗാന്ധി സർവകലാശാല നിയമ പഠന വകുപ്പുമായി സഹകരിച്ച് നടത്തുന്ന നിയമശിൽപശാല ജനുവരി 17 ന് നടക്കും. രാവിലെ 10ന് കോട്ടയം എസ്.എച്ച്. മൗണ്ടിലുള്ള സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടി ൽ ആരോഗ്യ-സാമൂഹികനീതി വകുപ്പ് മന്ത്രി കെ. കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യും.

നിയമപരിഷ്കരണ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് കെ .റ്റി. തോമസ് മുഖ്യാതിഥിയാ കും. മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ ഡോ . സാബു തോമസ് അധ്യക്ഷത വഹിക്കും . സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം അഡ്വ . കെ. മോഹൻകുമാർ മുഖ്യപ്രഭാഷണം നടത്തും . നിയമപരിഷ്കരണ കമ്മീഷൻ അംഗം പ്രൊഫ . എൻ. കെ. ജയകുമാർ കരടുബിൽ അവതരിപ്പിക്കും . തുടർന്നു നടക്കുന്ന ചർച്ചകളിൽ ആരോഗ്യ-നിയമ മേഖലകളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുക്കും.

ചർച്ചകളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ നിയമപരി ഷ്കരണ കമ്മീഷൻ തയ്യാറാക്കുന്ന എമർജൻസി ഹെൽത്ത് കെയർ ബില്ലിന്റെ കരട് രൂപം നിയമസഭയിൽ അവതരിപ്പിക്കപ്പെടും . ജീവൻരക്ഷാരംഗത്ത് നിർണായകമായ നിയമ നിർമാണം ലക്ഷ്യം വയ്ക്കുന്ന കരടുബിൽ സുപ്രീം കോടതിയുടെ പരമാനന്ദ് കഠാരാ കേസിലെയും (1989), പശ്ചിംബംഗ ഖേദ്മസ്ദൂർ സമിതി കേസിലെ യും (1996) വിധിന്യായങ്ങളിലൂടെ പ്രഖ്യാപിക്കപ്പെട്ട മൗലികാവകാശസംരക്ഷണം ഉറപ്പുവരുത്തുന്നു . ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ എന്നിവരെയും ആരോഗ്യസംരക്ഷണത്തിനും ചികിത്സയ്ക്കും

ബാദ്ധ്യസ്ഥരായവരെയും പ്രത്യക്ഷമായി ബാധിക്കും . ഡോക്ടർ-രോഗി ബന്ധത്തിൽ പുതിയ മാനങ്ങൾ സൃഷ്ടിക്കും.

ആതുരശുശ്രൂഷാ മേഖലയുമായി ബന്ധപ്പെട്ടവർക്ക് പങ്കെടുക്കാം , നിർദ്ദേശങ്ങൾ നൽകാം . സംവാദങ്ങളിലൂടെ ക്രോഡീകരിക്കപ്പെടുന്ന അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ച് കരടുബിൽ സർക്കാരിന് സമർപ്പിക്കാനാണ് നിയമപരിഷ് കരണ കമ്മീഷൻ ലക്ഷ്യമിടുന്നത് . ശിൽപശാലയിൽ പങ്കെടു ക്കാൻ താത്പര്യമുള്ളവർ seminarsilt@gmail.com എന്ന ഇമെയിൽ വിലാസത്തിലോ , 9446126162 എന്ന നമ്പറിലോ ബന്ധപ്പെടുക.

(പി.ആർ.ഒ./39/56/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സ® വ്വകലാശാല

പബ്ലിക് റിലേഷ® സ് ഓഫീസറുടെ കാര്യാലയം
പ്രിയദ® ശിനി ഹി® സ് പി.ഒ., കോട്ടയം–686 560
ഫോ® : 0481 – 2733298, മൊബൈ® : 9495119702


2019 ജനവരി 13

വാ® ത്താക്കുറിപ്പ്

---

## എം.ജി. സർവകലാശാലയിൽ സോഫ്റ്റ്‌വെയർ ഡെവലപ്പർ, ഹാർഡ്‌വെയർ എൻജിനീയർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയർ ഡെവലപ്പർ, സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ, ഹാർഡ്‌വെയർ എൻജിനീയർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നു. വാക്-ഇൻ-ഇന്റർവ്യൂ ജനവരി 17 ന് സർവകലാശാലയിൽ നടക്കും. ഒരു വർഷത്തേക്കാണ് നിയമനം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481 2733303.

എ. അരുൺ കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ